അങ്ങനെ ആയിരക്കണക്കിന് ആൾക്കാർ നമ്മുടെ സമൂഹത്തിലുണ്ട്. കുറേ പ്പേർ ആശുപത്രികളിലുണ്ട്. വീടുകളിൽ പോയിട്ട് ആശുപത്രികളേക്കാൾ ദയ നീയമായ അവസ്ഥയിൽ കഴിയുന്നവരുണ്ട്. കുന്ദംകുളത്തെ ഒരു സംഭവത്തെ ക്കുറിച്ച് ഹൃദയഭേദകമായ ഒരു റിപ്പോർട്ട് പത്രത്തിൽ വന്നു. 14 വർഷമായി രണ്ടു പ്രായമായ സ്ത്രീകളെ വീട്ടിൽ കെട്ടിയിട്ടിരിക്കുകയാണ്. പത്ത് പതി നാറ് വർഷം മുൻപ് ചെറിയ അസുഖം വന്നപ്പോഴേക്കും വീടിന്റെ ഇരുട്ടറക ളിൽ തളച്ചിട്ടതിന്റെ ഒരു റിപ്പോർട്ട് ചിത്രംസഹിതം പത്രത്തിൽ വരികയുണ്ടാ യി., അതേപോലെതന്നെ മന്ദബുദ്ധികളായ കുട്ടികൾ നമ്മുടെ സമൂഹത്തിൽ വളരെയേറെ ഉണ്ട്. പല രക്ഷകർത്താക്കളും അവരെ നമ്മുടെ പൊതുജീവിത ത്തിൽനിന്ന് മാറ്റി നിർത്തുകയാണ്. പുറത്തേക്കു കൊണ്ടുപോകുകയില്ല. വീടു കളിൽ അതിഥികൾ വരുമ്പോൾ അവരെ പുറത്തേയ്ക്കുവരാൻ അനുവദിക്കു കയില്ല. ഇങ്ങനെ അവരെ രോഗികളാക്കി മാറ്റുകയാണ്. ഒറ്റപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ ബിൽ വളരെ ഗൗരവമായ ഒരു വിഷയമായിട്ട് എടുക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. ആ നയം വരു മ്പോൾ ഒരു ബിൽ ആയിട്ടുതന്നെ കൊണ്ടുവരണമെന്നുള്ള അഭ്യർത്ഥന യോടെ നിറുത്തുന്നു.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാം.(ചർച്ച തുടരും)

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. വിശ്വൻ)

(6) 1999-ലെ കേരള ഗാർഹിക തൊഴിലാളി (ജോലി കൊടുക്കൽ സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കൽ ക്ഷേമനിധി രൂപീകരിക്കൽ) ബിൽ

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, 1999-ലെ കേരള ഗാർഹിക തൊഴിലാളി (ജോലി കൊടുക്കൽ, സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിക്കൽ, ക്ഷേമ നിധി രൂപീകരിക്കൽ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു[†]

ശ്രീ. ജോസ് ബേബി : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ജവസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ഗാർഹിക തൊഴിലാളികൾ ഒരു ഗൃഹ ഉടമയുടെ കീഴിൽ തുടർച്ചയായി ഒരിടത്തു പണിചെയ്യുന്നവരല്ലാത്തതിനാൽ ഇവർക്കിടയിൽ സ്ഥിരമായ എംപ്ലോയർ-എംപ്ലോയി ബന്ധം സാദ്ധ്യമല്ല. ക്ഷേമനിധി ആരംഭി ച്ചാൽ ഇവർക്കുവേണ്ടി അംശദായം ശേഖരിക്കുക അപ്രായോഗികമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ എണ്ണത്തിൽ വളരെ കുറവായ ഗാർഹിക തൊഴി ലാളികൾക്ക് ക്ഷേമനിധി ആരംഭിക്കുന്ന കാര്യവും പരിഗണനാർഹമല്ല. ഗൃഹ ഉടമ ഇവരുടെ വേതനം നിർണ്ണയിക്കുന്നത് പണിചെയ്യുന്ന വ്യക്തിയുടെ ആവ ശ്യംകൂടി കണക്കിലെടുത്താണ്. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെ ടുത്ത് ഈ ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല എന്ന അഭിപ്രായമാണ്.

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഇതു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു പോലെ ക്ഷേമനിധിയുടെ കാര്യം മാത്രമല്ല, ക്ഷേമനിധിയും അതിലൊരു വിഷയമാണ്. ഞാൻ കൊണ്ടുവന്ന ബില്ലിൽ ജോലിക്കൊടുക്കൽ, അവരുടെ

---

† അനുബന്ധം - X

LIBRARY ARCHIVES Kerala Legislative Assembly

സേവന-വേതന വ്യവസ്ഥകൾ ഒക്കെയുണ്ട്. ഒരു ക്ഷേമനിധി മാത്രമല്ല. ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ചില നിയമങ്ങൾ കൊണ്ടുവന്നതാണല്ലോ. ഈ പ്രശ്നങ്ങളെല്ലാം അന്നും ഉള്ളതായിരുന്നു. ഇതിന് ഉടമയില്ല, ആരാണ് എംപ്ലോയർ എന്ന് നിർണ്ണയിക്കാൻ കഴിയില്ല, അംശദായം എങ്ങനെ പിരിച്ചെടുക്കും, ഇവർക്കൊരു സർവ്വീസ് കണ്ടീഷൻ ഉണ്ടാക്കാൻ കഴിയുമോ തുടങ്ങിയവയെല്ലാം തുടക്കത്തിലേ 1970-ൽ ആദ്യത്തെ ക്ഷേമനിധി ബിൽ വന്ന കാലത്തേ ഉള്ളതാണ്. (കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി നിയമം). പിന്നീട് നമ്മൾ നന്നായിട്ട് അതിനെക്കുറിച്ച് ചർച്ച ചെയ്ത് പഠിച്ച് അനുഭവങ്ങൾ വിലയിരുത്തി പല നടപടികളും മനസ്സിലാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ക്ഷേമനിധിയുടെ മാത്രം കാര്യമല്ല, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട് ഞാനിതിനെക്കുറിച്ച് സൂചിപ്പിച്ചതാണ്. നമ്മുടെ വീടുകളിൽതന്നെ ആയിരക്കണക്കിന് ആൾക്കാർ വീട്ടുജോലിചെയ്ത് മാസ ശമ്പളം പറ്റുന്നവർ ഉണ്ട്. ദിവസക്കൂലി പറ്റുന്നവരുണ്ട്. ആഴ്ചയിൽ വേതനം വാങ്ങുന്നവർ ഉണ്ട്. അവർക്ക് യാതൊരു നിയമ ആനുകൂല്യങ്ങളും ഇല്ല. നല്ല രീതിയിൽ ജോലി ചെയ്യുന്നവരുണ്ട്, അല്ലാത്തവരുണ്ട്, പിരിച്ചു വിടുന്നവരുണ്ട്. അങ്ങനെ ജോലി സ്ഥിരതയില്ലായ്മയുണ്ട്. അങ്ങനെ നിരന്തരമായി പ്രയാസമുള്ള മേഖലയാണിത്. ആ പ്രശ്നം ഒന്ന് ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ ബിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : നമ്മുടെ നാട്ടിൽ ഗാർഹിക ജോലികൾക്കുവേണ്ടി പാവപ്പെട്ട സ്ത്രീകളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾ കൂണുപോലെ മുളച്ചുവരുന്നുണ്ട്. അത്തരം ഏജൻസികൾ ഇത്തരത്തിൽപ്പെട്ട തൊഴിലാളികളെ സാമ്പത്തികമായിട്ടും അല്ലാതെയുമൊക്കെ പീഡിപ്പിക്കുന്നു. ആ വിവരങ്ങൾക്കൂടി അങ്ങയുടെ ബില്ലിൽ ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : വളരെ ശരിയാണ് ടീച്ചർ പറഞ്ഞത്. കാരണം ഒരു നിയന്ത്രിതമായ വിധത്തിലുള്ള സംവിധാനങ്ങൾ ഇല്ലെങ്കിൽ ഇതുപോലുള്ള റിക്രൂട്ടിംഗ് ഏജൻസികളും കാര്യങ്ങളും വരും. നമ്മുടെ കരാർ തൊഴിലാളി സമ്പ്രദായമനുസരിച്ച് നേരിട്ട് തൊഴിലാളികളെ വയ്ക്കണ്ട. ആരെയെങ്കിലും ഏൽപ്പിച്ചുകൊടുക്കും. അൻപതും നൂറും ആളുകളെ വേണമെങ്കിൽ അവർ ഏൽപ്പിച്ചു കൊടുക്കും. അവർ ആയിരമോ ആയിരത്തി അഞ്ഞൂറോ രൂപ വാങ്ങിക്കും. റിക്രൂട്ട് ചെയ്തെടുക്കുന്ന തൊഴിലാളിക്ക് അഞ്ഞൂറോ, അറുന്നൂറോ എഴുന്നൂറോ രൂപ കൊടുക്കും. ആദ്യം പ്രൈവറ്റ് കമ്പനികളിൽ തുടങ്ങി പിന്നെ പതുക്കെ പതുക്കെ സർക്കാർ സ്ഥാപനങ്ങളിലുമായിട്ടാണ്. ആദ്യം നൈറ്റ് ഡ്യൂട്ടിക്ക് വാച്ച്മാനായിട്ട് നിർത്താൻ തുടങ്ങി. ഇപ്പോൾ വാച്ച്മാൻ ഡ്യൂട്ടി കഴിഞ്ഞ് പൊതുമേഖലാ സ്ഥാപനങ്ങളിൽപോലും ക്ലീനിംഗ് ഉൾപ്പെടെയുള്ള ജോലിക്ക് ഇത്തരത്തിലുള്ള ഇൻഡയറക്ട് കോൺട്രാക്ട് അടിസ്ഥാനത്തിൽ ആണ് ജോലി ചെയ്യിപ്പിക്കുന്നത്. അവിടെ ഒരു ഇടനിലക്കാരൻ വന്നു, ആ ഇടനിലക്കാരന് നല്ല ലാഭകരമായ ബിസിനസ്സാണ്. കൊച്ചിയിലും തൃശ്ശൂരും കേരളത്തിന്റെ പല മേഖലകളിലും ആയിരക്കണക്കിന് തൊഴിലാളികളെ ഈ വിധത്തിൽ റിക്രൂട്ട് ചെയ്ത് കടുത്ത ചൂഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പറാണ്. കാർഷിക സർവ്വകലാശാലയിൽ ഇതു തുടരുന്നുണ്ട്. നാനൂറോളം പേർ ഈ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നു. ടീച്ചർ അവിടെ മെമ്പറായിരുന്ന ആളല്ലേ. ഞങ്ങൾ ഈ ചൂഷണം അവസാനിപ്പിക്കാൻ തീരുമാനിച്ചു. കാരണം 1200 രൂപയാണ് യൂണിവേഴ്സിറ്റി കൊടുക്കുന്നത്, പക്ഷെ കരാറുകാരൻ 600 രൂപയാണു കൊടുക്കുന്നത്. വളരെ ഗൗരവമുള്ളതായതുകൊണ്ടാണ് ഞാൻ ഇതു സൂചിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി : സർ, കാർഷിക സർവകലാശാലയിൽ അങ്ങ് കാണിച്ച ധീരമായ ചുവടുവയ്പിനെ ഞാൻ അംഗീകരിക്കുന്നു. കേരളത്തിലെ പല പൊതുമേഖലാ സ്ഥാപനങ്ങളിലും, അതുപോലെ ഗവൺമെന്റുടമയിലുള്ള സ്ഥാപനങ്ങളിലും കോൺട്രാക്ട് സിസ്റ്റം പോലെ ഒരു കങ്കാണിയെ വച്ചിട്ട് ആൾക്കാരെ എടുപ്പിച്ച് ജോലി ചെയ്യിക്കുന്നത് നമ്മുടെ സംസ്ഥാനത്ത് വളരെ വലിയ ദുരന്തമായി മാറിക്കൊണ്ടിരിക്കുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : ഞാൻ അത് അംഗീകരിച്ചുകൊണ്ടുതന്നെയാണ് പറഞ്ഞത്. കാർഷിക സർവകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ മെമ്പറാണെന്നുള്ള അനുഭവമാണ് ഞാൻ പറഞ്ഞത്. എന്തായാലും അവിടെ തുടരുന്ന സമ്പ്രദായം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. പകരം സംവിധാനത്തിന്റെ ചർച്ചകൾ നടക്കുകയാണ്. അത് പൊതുമേഖലാ സ്ഥാപനങ്ങളിൽക്കൂടി അവസാനിപ്പിക്കണമെന്ന് വളരെ ഉറച്ച അഭിപ്രായമുള്ള ഒരു ട്രേഡ് യൂണിയൻ പ്രവർത്തകനാണ് ഞാൻ. അവസരം കിട്ടിയതുകൊണ്ട് പറഞ്ഞുവെന്ന് മാത്രം. ഈ ബില്ലിലെ വിഷയം വീട്ടുജോലിക്ക് പട്ടണങ്ങളിൽ ആളെ കിട്ടാത്ത ഒരവസ്ഥയുണ്ട്. അതാണ് ഒരു പ്രധാന പ്രശ്നം. ഒരു വീട്ടിൽ ഭാര്യക്കും ഭർത്താവിനും ജോലികാണും. കുട്ടികൾക്ക് വിദ്യാലയങ്ങളിൽ പോകണം. വീടുകളിൽ ആളില്ല. അപ്പോൾ പട്ടണങ്ങളിൽ പ്രത്യേകിച്ച് ജോലിക്ക് ഒരാളെ കിട്ടുകയെന്നുള്ളത് ഒരു പ്രധാനപ്പെട്ട പ്രശ്നം തന്നെയാണ്. പല സ്ഥലത്തും ഇതൊരു അവസരമായി മുതലെടുത്തുകൊണ്ട് ജോലിക്ക് ആളെ സപ്ലൈ ചെയ്യുന്ന കോൺട്രാക്ടർമാർ അല്ലെങ്കിൽ ഇടനിലക്കാർ രംഗത്തുവരുന്നു. ഒരു വീട്ടിൽ ഒരു മണിക്കൂർ, മറ്റൊരു വീട്ടിൽ രണ്ടുമണിക്കൂർ ഇങ്ങനെ ജോലിചെയ്യുന്നവരെയല്ല ഞാൻ ഉദ്ദേശിക്കുന്നത്. ജോലി ചെയ്യുന്ന ആയിരക്കണക്കിന് പ്രായമായവർ ഉൾപ്പെടെ ധാരാളം ആളുകളുണ്ട്. അവർക്കൊരു സേവന-വേതന വ്യവസ്ഥ ഉണ്ടാക്കണം. അവരെ പിരിച്ചുവിടാൻ പാടില്ല. ഇല്ലായെങ്കിൽ അവർ പിരിഞ്ഞുപോകുന്ന സമയത്ത് അവർക്കൊരു ആശ്വാസം കിട്ടാനുള്ള അവസരം വേണം. ഇവരുടെ ചികിത്സ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു സംരക്ഷണമുണ്ടാക്കണം. ഒരു വീട്ടിലെ അംഗത്തെപ്പോലെ ജോലിക്കുവരുന്നവരോട് നല്ല രീതിയിൽ പെരുമാറുന്ന വീടുകളുമുണ്ട്. പക്ഷെ അതുകൊണ്ട് മാത്രമായില്ല. ഇതൊക്കെ ആപേക്ഷികം മാത്രമാണ്. പല സിനിമകളിലും കാണുന്നതുപോലെ ആപേക്ഷികമാണ്. അവരുടെ താല്പര്യം പോലെ ഇഷ്ടാനിഷ്ടം പോലെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാം. അതുകൊണ്ട് ഈ വിഭാഗം ജോലിക്കാരെ കണ്ടെത്തുവാനും അവരെക്കുറിച്ച് മനസ്സിലാക്കാനും, പഠിക്കാനും അവർക്കൊരു സേവന-വേതന വ്യവസ്ഥയുണ്ടാക്കാനും, അവർക്ക് ജീവിക്കാനാവശ്യമായ ക്ഷേമനിധിയുൾപ്പെടെ കഴിയുന്ന വിധത്തിൽ ഒരു നിയമമുണ്ടാക്കണമെന്നാണ് എന്റെ ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്.

7. 1999-ലെ കേരള സ്വകാര്യ ദേവസ്വം ക്ഷേത്രത്തൊഴിലാളി ക്ഷേമനിധിബിൽ

ശ്രീ. ബാബു ദിവാകരൻ : സർ, 1999-ലെ കേരള സ്വകാര്യ ദേവസ്വം ക്ഷേത്രത്തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതാരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.+

ശ്രീ. ആന്റണി രാജു : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

+ അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - X

പത്താം കേരള നിയമസഭ

ബിൽ നമ്പർ 206

1999-ലെ കേരള ഗാർഹിക തൊഴിലാളി

(ജോലികൊടുക്കൽ, സേവന വേതന വ്യവസ്ഥകൾനിർണ്ണയിക്കൽ, ക്ഷേമ നിധി രൂപീകരിക്കൽ) ബിൽ

(ശ്രീ. കെ.പി. രാജേന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

LIBRARY ARCHIVES Kerala Legislative Assembly

പത്താം കേരള നിയമസഭ

ബിൽ നമ്പർ 206

1999-ലെ കേരള ഗാർഹിക തൊഴിലാളി (ജോലി കൊടുക്കൽ,സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കൽ, ക്ഷേമനിധി രൂപീകരിക്കൽ) ബിൽ

(ശ്രീ.കെ.പി.രാജേന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ വീട്ടുജോലി തൊഴിലാളികളുടെ തൊഴിൽ ക്രമീകരിക്കുന്നതിനും, അവരെ ജോലിക്കാക്കുകയോ മാറ്റി നിറുത്തുകയോ ചെയ്യുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ, ക്ഷേമപ്രവർത്തനം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ആക്ട്

പീഠിക.- കേരള സംസ്ഥാനത്തെ വീട്ടുജോലിക്കാരുടെ തൊഴിൽ ക്രമപ്പെടുത്തുന്നതിനും അവരുടെ ക്ഷേമത്തിനും അവരെ ജോലിക്കാക്കുകയോ, മാറ്റി നിറുത്തുകയോ ചെയ്യുന്നത് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ,

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ 50-ാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.-(1) ഈ ആക്ടിന് 1999-ലെ കേരള ഗാർഹിക തൊഴിലാളി ആക്ട് എന്ന് പേർ പറയും.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റിൽ വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത പ്രദേശങ്ങൾക്കും, സ്ഥാപനങ്ങൾക്കും ഈ ആക്ടിലെ വ്യത്യസ്ത വ്യവസ്ഥകൾക്കും വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും ആകുന്നു.

2. നിർവചനങ്ങൾ:- ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം.

(എ) 'പ്രായപൂർത്തിയായ ആൾ' എന്നാൽ പതിനെട്ട് വയസ് പൂർത്തിയായിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു.

(ബി) 'പ്രായപൂർത്തിയാകാത്ത ആൾ' എന്നാൽ പതിനെഞ്ചു വയസ് പൂർത്തിയായിട്ടുള്ളതും എന്നാൽ പതിനെട്ട് വയസ് പൂർത്തിയായിട്ടില്ലാത്തതും ആയ ഒരാൾ എന്നർത്ഥമാകുന്നു.

(സി) 'കമ്മിറ്റി' എന്നാൽ 8-ാം വകുപ്പു പ്രകാരം നിയമിച്ചിട്ടുള്ള കമ്മിറ്റി എന്നർത്ഥമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് റിക്രൂട്ടിംഗ് ആഫീസർ എന്നാൽ 3-ാം വകുപ്പു പ്രകാരം ആ പ്രദേശത്തിനുവേണ്ടി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ റിക്രൂട്ടിംഗ് ആഫീസർ എന്നർത്ഥമാകുന്നു.

(ഇ) 'തർക്കം' എന്നാൽ ഏതെങ്കിലും ഗാർഹിക തൊഴിലാളിയെ ജോലിക്കുവേണ്ടി ശുപാർശ ചെയ്യുകയോ, നിരസിക്കുകയോ അഥവാ അയാളുടെ തൊഴിൽ സംബന്ധിച്ച് വീട്ടുടമയും, അയാളും തമ്മിലോ ഉള്ള ഏതെങ്കിലും തർക്കമോ, അഭിപ്രായ വ്യത്യാസം എന്നർത്ഥമാകുന്നു.

(എഫ്) 'സ്ഥാപനം' എന്നാൽ വീടോ സ്ഥാപനമോ എന്നർത്ഥമാകുന്നു.

(ജി) 'കുടുംബം' എന്നാൽ ഭർത്താവും ഭാര്യയും ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കളും പ്രായപൂർത്തിയാകാത്ത കുട്ടികളും അവിവാഹിതരോ വിധവകളോ ആയ പുത്രിമാരും എന്നർത്ഥമാകുന്നു.

(എച്ച്) 'ഫണ്ട്' എന്നാൽ ഒരു പദ്ധതിപ്രകാരം രൂപവൽക്കരിച്ചിട്ടുള്ള ഒരു ഫണ്ട് എന്നർത്ഥമാകുന്നു.

(ഐ) 'ഗാർഹിക തൊഴിലാളി' എന്നാൽ ഒരു സ്ഥാപനത്തിലോ, ഒരു വീടിനോവേണ്ടി സേവന-വേതന വ്യവസ്ഥകളിൽ നിശ്ചിത സമയം വീട്ടുജോലിയും ഉടമ നിർദ്ദേശിക്കുന്ന മറ്റു അനുബന്ധ ജോലികളും ചെയ്യേണ്ട ആൾ എന്നർത്ഥമാകുന്നു.

(ജെ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ മൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(കെ) 'തൊഴിലുടമ' എന്നാൽ ഒരു സ്ഥാപനത്തിന്റെ ഉടമ അഥവാ വീട്ടുടമ അതായത് തൊഴിൽ നൽകുന്ന ആൾ എന്നർത്ഥമാകുന്നു.

(എൽ) 'പദ്ധതി' എന്നാൽ ഈ ആക്ട് അനുസരിച്ചുണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു.

(എം) 'വേതനം' എന്നാൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വീട്ടുജോലി ചെയ്യുന്ന ആൾക്ക് പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള ജോലി നിബന്ധനകൾക്കനുസൃതമായി നിറവേറ്റിയിട്ടുണ്ടെങ്കിൽ നൽകുന്ന കൂലിയും മറ്റാനുകൂല്യങ്ങളും എന്നർത്ഥമാകുന്നു. എന്നാൽ അതിൽ;

(i) (എ)ഏതെങ്കിലും താമസ സൗകര്യത്തിന്റെയോ വൈദ്യുതി വിതരണം, വെള്ളം, വൈദ്യസഹായം എന്നിവയുടെയോ;

(ബി) പൊതുവായതോ പ്രത്യേകിച്ചുള്ളതോ ആയ സർക്കാർ ഉത്തരവുമൂലം ഒഴിവാക്കപ്പെട്ട മറ്റേതെങ്കിലും സുഖസൗകര്യത്തിന്റെയോ അഥവാ സേവനത്തിന്റെയോ ചെലവോ അഥവാ;

(ii) ഏതെങ്കിലും സോഷ്യൽ ഇൻഷ്വറൻസ് പദ്ധതിയിലേക്കോ, അതിൽ നിന്നും ലഭിക്കാവുന്ന പലിശയുൾപ്പെടെ തൊഴിലുടമ നൽകിയിട്ടുള്ള അംശദാനമോ അഥവാ

(iii) ഏതെങ്കിലും യാത്രാപ്പടിയോ, ജോലിയുടെ സ്വഭാവമനുസരിച്ച് പ്രത്യേക ചെലവുകൾക്ക് കൊടുത്ത തുകയോ അഥവാ

(iv) ഏതെങ്കിലും ബോണസ്സോ, പിരിഞ്ഞുപോകുമ്പോൾ നൽകുന്ന ഗ്രാറ്റുവിറ്റിയോ ഉൾപ്പെടുന്നതല്ല.

3. റിക്രൂട്ടിംഗ് ആഫീസർമാരുടെ നിയമനം.- സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും പ്രദേശത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഈ ആക്ട് അനുസരിച്ച് അസി.ലേബർ ആഫീസർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ റിക്രൂട്ട്മെന്റ് ആഫീസറായി നിയമിക്കാവുന്നതാണ്. അപ്പീൽ അധികാരസ്ഥന്റെ ചുമതലകൾ അദ്ദേഹത്തിനു നൽകാവുന്നതാണ്.

ജോലി സമയവും തൊഴിലും വേതനവും ക്ലിപ്തപ്പെടുത്തൽ

4. ജോലിസമയം.- ഈ ആക്ടിൽ മറ്റു പ്രകാരത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം ഒഴികെ, പ്രായപൂർത്തിയായ യാതൊരു ഗാർഹിക തൊഴിലാളിയേയും ഏതെങ്കിലും ദിവസം എട്ടു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യാൻ ആവശ്യപ്പെടാനോ, കുമാരനോ കുട്ടിയോ ആയ യാതൊരു ഗാർഹിക തൊഴിലാളിയോടും ഏതെങ്കിലും ദിവസം ആറു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യാനോ ഉടമയ്ക്ക് ആവശ്യപ്പെടാൻ പാടുള്ളതല്ല.

എന്നാൽ മുമ്പുപറഞ്ഞ സമയത്തിനു കുറവായി ജോലി ചെയ്യാൻ ഗാർഹിക തൊഴിലാളിയും വീട്ടുടമയും തമ്മിൽ കരാർ/ധാരണയെ നിരോധിക്കുന്നതായോ ഒരു പ്രത്യേക സ്ഥലത്തും നിലവിലുള്ള നടപടി ക്രമമോ ആചാരമോ ഉണ്ടെങ്കിൽ അപ്രകാരം ജോലി ചെയ്താൽ മതിയെന്നുള്ളതിനെ ബാധിക്കുന്നതായോ കരുതപ്പെടുന്നതല്ല.

5. ഗാർഹിക തൊഴിലാളികൾക്ക് നൽകേണ്ട വേതനം.- ഏതൊരു ഗാർഹിക തൊഴിലാളിക്കും അയാളെ ജോലിക്ക് ഏർപ്പെടുത്തുന്ന വീട്ടുടമ/സ്ഥാപനം ഉഭയകക്ഷി ചർച്ചയിലൂടെയോ അല്ലാതെയോ നിർണ്ണയിക്കപ്പെടാവുന്ന വേതനം നൽകേണ്ടതും വ്യത്യസ്ത വേതനം നിർണ്ണയിക്കാവുന്നതുമാകുന്നു.

6. (1) വേതനം നൽകുന്നതിന് നിർബന്ധിക്കൽ.-(1) ഏതെങ്കിലും തൊഴിലുടമ ഒരു ഗാർഹിക തൊഴിലാളിക്ക് ചെല്ലേണ്ട വേതനത്തിൽ കുറവു വരുത്തുകയോ അഥവാ അങ്ങനെയുള്ള വേതനം കൊടുക്കാൻ വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ അയാൾക്ക് നേരിട്ട് 2 ബി.യിൽ പറയുന്ന ഒരു കമ്മിറ്റിക്ക് പരാതി ബോധിപ്പിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഒരു പരാതി ലഭിച്ചാൽ കമ്മിറ്റി, അപേക്ഷകനും വീട്ടുടമയ്ക്കും പറയാനുള്ളത് പറയാൻ ഒരവസരം കൊടുത്തതിനുശേഷം വേണമെങ്കിൽ യുക്തമായ അന്വേഷണവും നടത്തി രണ്ടാഴ്ചക്കുള്ളിൽ തീർപ്പ് കൽപ്പിക്കാവുന്നതാണ്. കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

7. പദ്ധതികൾ.-(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഒന്നോ അതിലധികമോ പ്രദേശത്തേക്കോ, പ്രദേശങ്ങളിലേക്കോ പദ്ധതി കൊണ്ടുവരാവുന്നതുമാകുന്നു.

എന്നാൽ അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും കരടുരൂപത്തിൽ ഗസറ്റിൽ പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം കിട്ടുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുവേണം അന്തിമ തീരുമാനം കൈക്കൊണ്ട് പ്രാബല്യത്തിൽ വരുത്തേണ്ടത്.

(2) ഈ ആക്ടിലെ വ്യവസ്ഥകൾക്കും അതുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി 2-ാം ഉപവകുപ്പു പ്രകാരമുണ്ടാക്കിയ ഒരു പദ്ധതി താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതായത്;

(എ) ഗാർഹികത്തൊഴിലാളികളുടെ ക്ഷേമത്തിനും,

(ബി) ഗാർഹികത്തൊഴിലാളികളുടെ ഗുണത്തിനുതകുന്ന ഫണ്ട് രൂപീകരിക്കുന്നതിനും ഫണ്ട് നിക്ഷിപ്തമാക്കുന്നതിനും, അംശദാനം നൽകുന്നതിനും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും,

(സി) ഗാർഹികത്തൊഴിലാളികളുടെ ആരോഗ്യത്തിനും സുരക്ഷിതത്വ നടപടികൾക്കും,

(ഡി) ഗാർഹികത്തൊഴിലാളികളുടെ റിക്രൂട്ട്മെന്റ് ക്രമീകരിക്കുന്നതിനും, അവരെ പദ്ധതിയിൽ ചേർക്കുന്നതിനും, രജിസ്റ്ററുകൾ സൂക്ഷിക്കുക, രജിസ്റ്ററുകളിൽ നിന്നും സ്ഥിരമായോ താൽക്കാലികമായോ പേരുകൾ നീക്കം ചെയ്യുക, തൊഴിലാളികളെയും വീട്ടുടമ/സ്ഥാപനം എന്നിവ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനും ആയതിനുവേണ്ടി ഫീസ് ഈടാക്കുന്നതിനും,

(ഇ) ഗാർഹികതൊഴിലാളിയുടെ വേതനം പിരിഞ്ഞുപോകുമ്പോൾ നൽകേണ്ട ഗ്രാറ്റുവിറ്റി എന്നിവയെക്കുറിച്ചുള്ള വ്യവസ്ഥകൾ, അവധിയെ സംബന്ധിച്ചുള്ള വിവരങ്ങൾ, അവധിവേതനം എന്നിവ ക്രമീകരിക്കുന്നതിനും,

(എഫ്) വീട്ടുടമ/സ്ഥാപന ഉടമ എന്നിവരും ഗാർഹിക തൊഴിലാളികളും നൽകേണ്ട അംശദാനങ്ങളും, അതിന്റെ നിരക്കും, പദ്ധതിയുടെ നടത്തിപ്പു ചെലവും വഹിക്കേണ്ടത് ഏതു രീതിയിൽ ഏതെല്ലാം ആളുകളാലും ആണ് എന്നതിന്,

(ജി) പദ്ധതിയുടെ ഭരണത്തിന് ചുമതലപ്പെട്ട ആളുകളെയും അധികാര സ്ഥാപനങ്ങളെയും നിയമിക്കുന്നതിനും ഫണ്ടിന്റെ ഭരണം നടത്തുന്നതിനും,

(എച്ച്) പൊതുവിൽ ഗാർഹികത്തൊഴിലാളികളുടെ തൊഴിൽ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച മെച്ചപ്പെട്ട വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും.

8. കമ്മിറ്റി.- (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടും പദ്ധതികളും പ്രകാരം കമ്മിറ്റിയുടെ അധികാരങ്ങൾ നടത്തുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമുള്ള ആവശ്യത്തിനുവേണ്ടി ഒന്നോ അതിലധികമോ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഓരോ കമ്മിറ്റിക്കും ഒരു ശാശ്വത പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും വസ്തുക്കൾ ആർജ്ജിക്കുക, കൈവശം വയ്ക്കുക, കരാറുകളിൽ ഏർപ്പെടുക എന്നിവയ്ക്കും അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹാരം നടത്തുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യാവുന്നതുമാകുന്നു.

(3) ഒരു കമ്മിറ്റിയിൽ മൂന്നുപേരിൽ കവിയാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും ആയതിനാൽ ഒരു സർക്കാർ പ്രതിനിധി, ഒരു വീട്ടുടമാ പ്രതിനിധി ഒരു ഗാർഹിക തൊഴിലാളി പ്രതിനിധി, എന്നിവർ ഉണ്ടായിരിക്കേണ്ടതുമാകുന്നു.

(4) കമ്മിറ്റി ചെയർമാനായി സർക്കാർ പ്രതിനിധിയെ നിയമിക്കേണ്ടതാകുന്നു.

(5) കമ്മിറ്റിയിലെ എല്ലാ അംഗങ്ങളെയും നാമനിർദ്ദേശം ചെയ്തതിനും, ചെയർമാനെ നിയമിച്ചുകഴിഞ്ഞതിനും ശേഷം സർക്കാർ അവരുടെ പേരുകൾ ഗസറ്റിലൂടെ പ്രസിദ്ധീകരിക്കേണ്ടതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(6) കമ്മിറ്റിയിലെ അംഗങ്ങളുടെ കാലാവധി നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

9. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ.- (എ) ഗാർഹികത്തൊഴിലാളികൾക്ക് ജോലി ഏർപ്പെടുത്തുകയും ക്രമീകരിക്കുകയും ചെയ്യുക, അവർക്ക് വീട്ടുടമ നിശ്ചയിച്ച വേതനം നൽകാതിരിക്കുക, നിശ്ചിത കാലാവധിക്കുള്ളിൽ ജോലിയിൽ നിന്നും പിരിച്ചുവിടുക, തൊഴിലാളികൾക്കെതിരെയുള്ള പരാതികൾ കേട്ട് തീർപ്പ് കൽപ്പിക്കുക, ജോലിക്കുള്ള തൊഴിലാളിയുടെ ആവശ്യം പരിഗണിക്കുക, മാപ്പ് അർഹിക്കാത്ത കുറ്റം ചെയ്ത വീട്ടുജോലിക്കാരെ റോളിൽനിന്നും നീക്കംചെയ്യാൻ ഉപദേശിക്കുക. ഈ ആക്ടും പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക എന്നിവയാണ്.

10. കമ്മിറ്റിയെ സഹായിക്കുന്നതിന് ഉദ്യോഗസ്ഥൻമാരെ നിയമിക്കൽ.- (1) ഈ ആക്ടും പദ്ധതിയും പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നതിന് കമ്മിറ്റിയെ സഹായിക്കുന്നതിനുംവേണ്ടി സർക്കാരിന് ആവശ്യമെന്ന് തോന്നുന്ന ഉദ്യോഗസ്ഥൻമാരെ നിയമിക്കാവുന്നതാകുന്നു.

(2) ഒന്നാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ നിർണ്ണയിക്കപ്പെടാവുന്ന അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

11. കമ്മിറ്റി നിറുത്തിവയ്ക്കൽ.- (1) കമ്മിറ്റി അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് പ്രാപ്തമല്ലെന്നോ, വീഴ്ചവരുത്തുകയും അധികാരം ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നുവെന്ന് സർക്കാരിന് ബോദ്ധ്യമുള്ളപക്ഷം ഗസറ്റ് വിജ്ഞാപനംമൂലം ഒരു നിശ്ചിതകാലത്തേക്ക് കമ്മിറ്റിയുടെ പ്രവർത്തനം നിറുത്തിവയ്ക്കാവുന്നതുമാകുന്നു.

(2) എന്നാൽ ഏതെങ്കിലും കാരണങ്ങൾക്ക് കമ്മിറ്റി നിറുത്തൽ ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കാൻ കമ്മിറ്റി ന്യായമായ അവസരം കൊടുക്കേണ്ടതും, വിശദീകരണമോ ആക്ഷേപമോ ഉണ്ടെങ്കിൽ ആയവ പരിഗണിക്കേണ്ടതുമാകുന്നു.

(3) ഒന്നാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ അങ്ങനെ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ കമ്മിറ്റി അംഗങ്ങളുടെ ഔദ്യോഗിക സ്ഥാനം നഷ്ടപ്പെടുന്നതുമാകുന്നു.

(4) കമ്മിറ്റി വിനിയോഗിക്കുകയും നിർവഹിക്കുകയും ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും കമ്മിറ്റി നിറുത്തൽ ചെയ്യുന്ന കാലയളവിൽ വിജ്ഞാപനത്തിൽ നിർദ്ദേശിക്കപ്പെട്ട വ്യക്തിയോ വ്യക്തികളോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും.

(5) കമ്മിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാവിധ ഫണ്ടുകളും മറ്റു വസ്തുക്കളും നിറുത്തൽ ചെയ്യുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാകുന്നു.

(6) നിറുത്തിവയ്ക്കൽ കാലാവധി സർക്കാരിന് തോന്നുന്നപക്ഷം കൂടുതൽ കാലത്തേക്ക് വീണ്ടും നീട്ടാവുന്നതും എന്നാൽ നിർത്തിവയ്ക്കപ്പെട്ട കാലയളവ് ഒരു വർഷത്തിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

12. തർക്കങ്ങൾ ഒഴിവാക്കൽ.- (1) ഏതെങ്കിലും ഗാർഹിക തൊഴിലാളിയെ വീട്ടുജോലിക്ക് ഏർപ്പെടുത്തുകയോ ഏർപ്പെടുത്താതിരിക്കുകയോ

LIBRARY ARCHIVES Kerala Legislative Assembly

അഥവാ ഏർപ്പെടുത്തിയതു സംബന്ധിച്ച വ്യവസ്ഥകളെ ഒരു തർക്കം നിലവിലിരിക്കുകയോ അതു സംബന്ധിച്ച് ആശങ്കയുണ്ടാവുകയോ ചെയ്യുന്നപക്ഷം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ തർക്കം തീർക്കാൻ ശ്രമിക്കേണ്ടതും ആയത് സാദ്ധ്യമല്ലാതെവരുമ്പോൾ തർക്കത്തെപ്പറ്റി അന്തിമ തീരുമാനം കമ്മിറ്റിയെ അറിയിക്കേണ്ടതുമാകുന്നു.

(2) അത്തരത്തിലുള്ള ഒരു റിപ്പോർട്ട് ലഭിച്ചാലുടൻ കമ്മിറ്റി പരാതിയിൻമേൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

13. കക്ഷികൾക്കുള്ള പ്രാതിനിധ്യം.- ഒരു തർക്കത്തിലെ കക്ഷിയായിട്ടുള്ള വീട്ടുടമയ്ക്കോ, വീട് ജോലിക്കാരനോ ഈ ആക്ട് പ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ നേരിട്ട് ഹാജരായി മാത്രമേ നടപടി ക്രമങ്ങളിൽ പങ്കെടുക്കുകയും വാദമുഖങ്ങൾ ഉന്നയിക്കാനും പാടുള്ളൂ.

14. രജിസ്റ്ററുകളും റിക്കാർഡുകളും.- ഗാർഹിക തൊഴിലാളികളുടെയും വീട്ടുടമ/സ്ഥാപനമുടമ എന്നിവരുടെ രജിസ്റ്റർ

(1) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥർ തന്റെ അധികാരാതിർത്തിക്കുള്ളിൽ ജോലി ചെയ്യുന്ന ഗാർഹിക തൊഴിലാളികളുടെയും, ഉടമകളുടെയും രജിസ്റ്ററുകൾ തയ്യാറാക്കേണ്ടതും സൂക്ഷിക്കേണ്ടതുമാണ്.

(2) രജിസ്റ്ററിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്.

15. ശിക്ഷകളും നടപടികളും.- (1) ഏതെങ്കിലും ഉദ്യോഗസ്ഥനേയോ കമ്മിറ്റി അംഗത്തേയോ ഈ ആക്റ്റ് പ്രകാരമുള്ള കൃത്യനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കുകയോ, വിചാരണയോ അന്വേഷണമോ നടത്തുന്നതിനുള്ള ന്യായമായ സൗകര്യങ്ങൾ നൽകുന്നതിന് വിസമ്മതിക്കുകയോ മനഃപൂർവ്വം ഉപേക്ഷ വിചാരിക്കുകയോ ചെയ്യുകയോ വ്യാജപ്രസ്താവന ചെയ്യുകയോ ചെയ്യുന്ന ഏതൊരാൾക്കും ഒരു മാസത്തോളം വരാവുന്ന കാലത്തേക്കുള്ള തടവോ അഞ്ഞൂറു രൂപ പിഴയോ അതോ ഇവ രണ്ടും കൂടിയുള്ളതോ ആയ ശിക്ഷ നൽകേണ്ടതാണ്.

16. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.- യാതൊരു കോടതിയും ഈ ആക്ട് പ്രകാരം ശിക്ഷാർഹമായ യാതൊരു കുറ്റവും സർക്കാർ അധികാരപ്പെടുത്തിയ രേഖാമൂലമായ പരാതിയിൽ മാത്രമേ വിചാരണയ്ക്കെടുക്കാവുന്നതും ശിക്ഷാർഹമായ യാതൊരു കുറ്റവും ഒരു ഒന്നാംക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേട്ട് കോടതിക്കു താഴെയുള്ള യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടില്ലാത്തതുമാകുന്നു.

17. പ്രോസിക്യൂഷൻ കാലഹരണം.- ഈ ആക്ട് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് ആരോപിക്കപ്പെട്ട കുറ്റം ചെയ്ത് അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ട നാൾ മുതൽ ഒരു മാസത്തിനകം ഒരു പരാതി ബോധിപ്പിക്കാത്ത പക്ഷം യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടില്ലാത്തതാകുന്നു.

18. ഈ ആക്ട് പ്രകാരമുള്ള വ്യവഹാരങ്ങൾ യാതൊരു സിവിൽ കോടതിയും സ്വീകരിക്കാൻ പാടില്ലാത്തതുമാകുന്നു.

19. സത്യപ്രതിജ്ഞയിൻമേൽ തെളിവെടുക്കാനുള്ള അധികാരം.- 1908 -ലെ സിവിൽ നടപടി നിയമസംഹിതപ്രകാരം ഒരു സിവിൽ കോടതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ കമ്മിറ്റി അംഗങ്ങൾക്കും ഉദ്യോഗസ്ഥൻമാർക്കും വ്യവഹാരം വിചാരണചെയ്യുമ്പോൾ ഉണ്ടായിരിക്കുന്നതും ആയത് ഒരു ജൂഡീഷ്യൽ നടപടിയായി കരുതേണ്ടതുമാകുന്നു.

20. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.- വീട്ടുടമയിൽ നിന്ന് എന്തെങ്കിലും തുക വീട്ടുജോലിക്കാരനു ലഭിക്കാതിരിക്കുകയും അയാൾക്ക് കിട്ടാനുള്ള പണം അപേക്ഷ കിട്ടുന്ന മുറയ്ക്ക് തൊഴിലാളിക്ക് പ്രസ്തുത തുക കിട്ടാനുണ്ടെന്ന് കമ്മിറ്റിക്കു ബോധ്യം വരുകയാണെങ്കിൽ ആ തുക റവന്യൂ റിക്കവറി മുഖേന വസൂലാക്കാൻ കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതുമാണ്. അതുപോലെ തന്നെ വീട്ടുടമയിൽ നിന്നും ഏതെങ്കിലും തുക അംശദാന കുടിശ്ശികയായി വന്നാൽ നടപടിക്രമത്തിനുശേഷം ഭൂനികുതി കുടിശ്ശികപോലും വസൂലാക്കാവുന്നതുമാകുന്നു. അതുപോലെ തന്നെ ജോലിക്കാരൻ മുഖേന വീട്ടുടമയ്ക്കുണ്ടാകുന്ന നഷ്ടം തിട്ടപ്പെടുത്തി അയാളുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും പിടിച്ചു നൽകാവുന്നതുമാകുന്നു.

21. കമ്മിറ്റി അംഗങ്ങൾ ഈ ആക്ട് പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ എന്നിവർ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന ഒരു പൊതുജീവനക്കാരനായി കരുതപ്പെടേണ്ടതാണ്,

22. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.- ഈ ആക്ടിലെയോ അഥവാ ഈ ആക്ട് പ്രകാരമുള്ള പദ്ധതിയിലെയോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നെങ്കിൽ, സർക്കാരിന് ആ വൈഷമ്യം നീക്കം ചെയ്യുന്നതിനായി ആവശ്യമെന്നോ, യുക്തമെന്നോ അവർക്ക് തോന്നാവുന്ന പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഏതു കാര്യവും ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

23. ഉത്തമവിശ്വാസമായി ചെയ്ത നടപടിക്ക് സംരക്ഷണം.- ഈ ആക്ടോ അതിൻകീഴിൽ ഉണ്ടാക്കിയ പദ്ധതിയിലോ ഏതെങ്കിലും ചട്ടമോ ഉത്തരവോ അനുസരിച്ച് ഉത്തമവിശ്വാസമായി ചെയ്തതോ, ചെയ്യാനുദ്ദേശിച്ചതോ ആയ യാതൊന്നുംതന്നെ സംബന്ധിച്ച് സർക്കാരിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ ശിക്ഷാ നടപടിയോ സ്വീകാര്യമായിരിക്കുന്നതല്ല.

24. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.- (1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(എ) ഗാർഹികത്തൊഴിലാളികളുടെയും വീട്ടുടമ/സ്ഥാപനമുടമയുടെ ചുമതലകൾക്കും രജിസ്ട്രേഷനും

(ബി) രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് ജോലി നൽകാനുള്ള വ്യവസ്ഥയെസംബന്ധിച്ചും പ്രസ്തുത ജോലിയെ സംബന്ധിച്ചുമുള്ള വ്യവസ്ഥകളെയും നിബന്ധനകളെയും സംബന്ധിച്ചും, വീട്ടുടമയിൽ നിന്നും തൊഴിലാളിക്ക് ലഭിക്കേണ്ട ഗ്രാറ്റുവിറ്റി വിഹിതം, തൊഴിലാളിയുടെ അംശദായം തുടങ്ങിയവയെ സംബന്ധിച്ചും.

(സി) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറേറതൊരു സംഗതിക്കും

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ആക്ടിൽകീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നതുംവേഗം നിയമസഭ ചേർന്നിരിക്കുമ്പോൾ അതിന്റെ മുമ്പാകെ നിയമാനുസരണം വയ്ക്കേണ്ടതും, നിയമസഭാ ചട്ടങ്ങളിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, വേണ്ടതോ, തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം അതിനുശേഷം ചട്ടത്തിന് അതതു സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ പ്രാബല്യമുണ്ടായിരിക്കുകയോ, ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്. ആയത് ചട്ടത്തിൻകീഴിൽ സാധുതയ്ക്ക് ദൂഷ്യം വരുത്താത്ത വിധത്തിലായിരിക്കേണ്ടതുമാകുന്നു.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഇപ്പോൾ വേതനത്തിനുവേണ്ടി വീട്ടുവേല ചെയ്യുന്ന/അടുക്കളപ്പണി തുടങ്ങിയ ജോലി ചെയ്യുന്ന അനേകം അസംഘടിത തൊഴിലാളികളുണ്ട്. വീട്ടുടമകൾക്കും സ്ഥാപനങ്ങൾക്കും ഇത്തരം ഗാർഹിക തൊഴിലാളികളെ വീട്ടുജോലിക്ക് കിട്ടുന്നതിന് വളരെയധികം വൈഷമ്യം നേരിടുന്നുമുണ്ട്. സർക്കാർ തലത്തിൽ ഗ്യാരണ്ടിയോടെ തൊഴിലാളികളെ റിക്രൂട്ട് ചെയ്ത് പ്രസ്തുത തൊഴിലുടമയ്ക്കും സേവന-വേതന വ്യവസ്ഥകൾ ക്രമീകരിച്ച് കാലാവധി നിർണ്ണയിച്ച് ജോലി ശുപാർശ നൽകിയാൽ വളരെ പ്പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. വീട്ടുജോലി ചെയ്യുന്ന ഇത്തരം തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമം നിലനിറുത്തുന്നതിനും അവർക്ക് ജോലിയെടുക്കാൻ കഴിയാതെ വരുമ്പോൾ ആശ്വാസ ധനം നൽകുന്നതിനു ഒരു ഫണ്ട് രൂപീകരിച്ച് ആശ്വാസം പകരുന്നതിനും കഴിയും,

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ

ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ 2 (എച്ച്) ഖണ്ഡിക പ്രകാരം ഒരു ഫണ്ട് രൂപീകരിച്ച് വീട്ടു ജോലിയിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് അവർ നൽകുന്ന അംശദായങ്ങളും വീട്ടുടമകൾ നൽകുന്ന ഗ്രാറ്റുവിറ്റിക്കുവേണ്ടിയുള്ള അംശദായവും ഓരോ വർഷവും ഇതിന്റെ നടത്തിപ്പിനായി ഒരു തുക ഗ്രാന്റായി നൽകേണ്ടതുണ്ട്. കേരള സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ ഉദ്ദേശം പത്തു ലക്ഷം പേർ വരുമെങ്കിലും അവരുടെ കൃത്യമായ എണ്ണവും ഈ ബില്ല് അനുസരിച്ച് അവർക്കും അവരുടെ ആശ്രിതർക്കും നൽകുന്ന ആനുകൂല്യങ്ങളും നിർണ്ണയിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ എത്ര മാത്രം സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും എന്ന് തിട്ടപ്പെടുത്താൻ കഴിയൂ. എന്നിരുന്നാലും ഉദ്ദേശം 15 ലക്ഷം രൂപയുടെ ചെലവ് പ്രാരംഭ നടപടികൾക്കായി സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

കെ.പി. രാജേന്ദ്രൻ, എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly